ല ൂ ക്കാ 4 : 1 6 - 2 2

**2023 ജനുവരി 08**

# വചനസന്ദേശം

**ഫാ. ജിതിൻ ഞവരക്കാട്ട്**

## <u>ദരിദ്രന്റെ സുവിശേഷം</u>

വി. ലൂക്കായുടെ സുവിശേഷം ദരിദ്രർക്കു വേണ്ടി രചിക്കപ്പെട്ട സുവിശേ ഷം എന്നുവേണം കരുതാൻ. സുവിശേഷത്തിൽ ഉടനീളം ദരിദ്രരെ കുറിച്ചുള്ള പരാമർശം കാണാനാകും. ലൂക്കായുടെ കാഴ്ചപ്പാടിൽ ദരിദ്രരാണ് അനുഗ്ര ഹീതർ (6:20). ദൈവപുത്രനായ ക്രിസ്തുവിനെ ലൂക്കാ ചിത്രീകരിക്കുന്നത് ദരിദ്രനായിട്ടാണ്. അവിടുത്തെ ജനനംതന്നെ അതിനുള്ള തെളിവാണ് (2:7-13). യേശുവിന്റെ മാതാപിതാക്കൾ യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ പോലും ദരിദ്രരുടെ കാഴ്ചകളാണ് സമർപ്പിച്ചത് (2:22-24). യേശുവിനെ ചൂണ്ടി ക്കാട്ടി ഇവനാ ജോസഫിന്റെ മകനല്ലേ എന്ന നാട്ടുകാരുടെ ചോദ്യത്തിലും ഈ സാധാരണത്ത്വം നമുക്ക് ദർശിക്കാം (4:22). ഇനി യേശുവിന്റെ ശുശ്രൂഷകളി ലൂടെ കടന്നുപോകുമ്പോൾ ദരിദ്രരോട് പക്ഷംചേരുന്ന ശൈലിയാണ് നമുക്ക് കാണാനാവുക. അവന്റെ പരാമർശങ്ങളിൽ ഇല്ലായ്മകളെ കുറിച്ചുള്ള സൂചന ഉണ്ടായിരുന്നു, 'മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല' (9:58).

യേശുശിഷ്യത്വം സ്വീകരിക്കുന്നവരോടും സമാനമായ ശൈലിയിൽ ജീവിച്ചു പോകാനാണ് അവൻ പറഞ്ഞിരുന്നത്. അതുകൊണ്ടുതന്നെ അവർ തങ്ങളുടേതെല്ലാം ഉപേക്ഷിച്ചു (5:11, 28). ശിഷ്യന്റെ യാത്രയിൽ പോലും കരുത ലിന്റെ ഘനം ഉണ്ടാകരുതെന്ന് അവൻ ശഠിച്ചിരുന്നു (9:3, 4). ഇനി ക്രിസ്തു ശിഷ്യൻ ഒരു സദ്യ നടത്തുകയാണെങ്കിൽ കൂടി ക്ഷണിക്കേണ്ടവരുടെ ലിസ്റ്റിൽ ദരിദ്രരും അവശരുമേ കാണാവൂ എന്ന നിഷ്കർഷയും ഉണ്ട് (14:13).

ഇത്രയേറെ ദാരിദ്ര്യത്തെ പുല്കുന്ന ദൈവം തന്റെ ആഗമന ഉദ്ദേശം വെളിവാക്കുന്ന വചനഭാഗമാണ് ഇന്നത്തെ ചിന്താവിഷയം. ''കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യ മായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (4:18-19). ഈ പ്രസ്താവനയിലും അവിടുത്തേക്ക് എളിയവരോടുള്ള താത്പര്യം വ്യക്ത മാണ്. കുറവുകൾ ഉള്ളവർക്കാണ് തന്റെ പരിഗണനയുടെ ആവശ്യമെന്ന് യേശു മനസ്സിലാക്കുന്നു. കുറച്ചു മാത്രമുള്ളവർ അധികകാര്യങ്ങളെ കുറിച്ച് വ്യാകുലരല്ല എന്ന ബോധ്യമാണ് ഒരുപക്ഷേ യേശു വിനെക്കൊണ്ട് ഇങ്ങനെ ചിന്തിപ്പിക്കുന്നത്. എന്തിന്റെയും ആധിക്യം നമ്മുടെ ജീവിതം ദുഷ്കരമാക്കും. രണ്ടു വ്യക്തികൾ നിധി തേടിയിറങ്ങിയ ഒരു കഥ ഇതിനോടു ചേർത്തു ചിന്തി ക്കാവുന്നതാണ്. പാറയിടുക്കുകൾക്കിടയിൽ രൂപപ്പെട്ട ഒരു കൂറ്റൻ ഗുഹയി ലാണ് അവർ നിധി തേടിപ്പോയത്. പകൽ നേരത്ത് പോലും വെളിച്ചം കൂടാതെ ആ ഗുഹയിലൂടെ നീങ്ങുക ദുഷ്കരമായിരുന്നു. ഒരു സമയത്ത് ഒരാൾക്കു മാത്രമേ ആ ഗുഹയിലൂടെ സഞ്ചരിക്കാനാകൂ. അവരിൽ ആരാണ് ആദ്യം ഗുഹ യിൽ പ്രവേശിക്കേണ്ടത് എന്നറിയാൻ നറുക്കിടാൻ തീരുമാനിച്ചു. അങ്ങനെ നറുക്ക് ഒന്നാമന് തന്നെ വീണു. ഒന്നാമൻ കയ്യിൽ ഒരു ചെറു തിരി കരുതി. പരുക്കൻ പാറക്കെട്ടുകൾക്കിടയിലൂടെ അയാൾ മെല്ലെ തപ്പി തടഞ്ഞ് തന്റെ കയ്യിൽ ഒതുങ്ങുന്ന രത്നങ്ങൾ ശേഖരിച്ച് തിരികെയെത്തി. അടുത്തത് രണ്ടാമന്റെ ഊഴമാണ് അയാൾ അല്പം കൂടി തയ്യാറെടുപ്പുകളോടെയാണ് ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചത്. തന്റെ കയ്യിൽ കത്തിച്ച ഒരു വലിയ തീപ്പന്തം കരുതിയിരുന്നു. പോരാത്തതിന് രത്നം വാരി എടുക്കാൻ ഒരു വലിയ സഞ്ചി യും അയാൾ കരുതി. പക്ഷേ അയാൾക്ക് ഗുഹയ്ക്കുള്ളിൽ ഒരടിപോലും വയ്ക്കാനായില്ല. തന്റെ കയ്യിലുള്ള തീപ്പന്തം ഗുഹയ്ക്കുള്ളിലെ ഭീകരത വ്യക്ത മായി അയാൾക്ക് കാണിച്ചുകൊടുത്തു. താൻ അടിവെച്ച് നടക്കുന്നത് ഒരു കാലടി മാത്രം വയ്ക്കാവുന്ന ഒരു പാറ ഇടുക്കിലൂടെയാണെന്നു മനസ്സിലാ ക്കിയ അയാൾ പേടികൊണ്ടു വിറച്ച് ഒരടി പോലും വയ്ക്കാനാകാതെ നിന്നു. എന്നാൽ ഒന്നാമൻ കയ്യിൽ തിരിവെട്ടം കരുതിയതു കൊണ്ട് അയാൾ ഈ ഭീകരകാഴ്ചകൾ ഒന്നും കണ്ടില്ല; ലക്ഷ്യം കൈവരിക്കുകയും ചെയ്തു. എന്തിന്റെയും ആധിക്യം നമ്മുടെ മനസ്സമാധാനം കെടുത്തും എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് ഈ കഥ.

യേശു ജീവിതത്തിൽ ലാളിത്യം ഇഷ്ടപ്പെട്ട വനും മറ്റുള്ളവരെ അതിന് പ്രേരിപ്പിച്ചവനുമാണ്. ലാളിത്യജീവിതമാണ് മനസ്സമാധാനം കൈവരിക്കുന്ന തിന് ഉചിതമായത്. ജീവിതത്തിൽ ലാളിത്യം അഭ്യസിക്കുന്നവർക്കാണ് കാറ്റു പോലെ പറന്നു നടക്കാൻ ആവുന്നത്. അവർക്കാണ് ഒരു ചെറുകാറ്റിൽ പറക്കു ന്ന ദൈവത്തെ കാണാൻ ആവുന്നത്. അതുകൊണ്ടായിരിക്കണം യേശു ശിഷ്യ രോട് ഉപദേശിച്ചത്, യാത്രയ്ക്ക് രണ്ടു ഉടുപ്പോ ചെരുപ്പോ വടിയോ കരുതരുത് നിങ്ങളുടെ കനങ്ങൾ കുറയ്ക്കുക; സ്വർഗ്ഗയാത്രയുടെ കംഫർട്ട് അനുഭവിക്കുക.